"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള നേഴ്സസ് ആന്റ് മിഡൈ്വവ്സ് കൗൺസിലിൽ താത്കാലികമായി സൃഷ്ടിച്ചതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചതുമായ 4 ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകളിൽ വിട്ടുതൽ നേടി പോയ ഒരാളൊഴികെ മറ്റ് 3 ഡേറ്റ എൻട്രി ഓപ്പറേറ്റർമാർക്ക് മതിയായ ഇടവേള നൽകി 179 ദിവസത്തേക്ക് കൂടി നിയമനം നൽകാൻ അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ(സി) വകുപ്പ്**

സ.ഉ.(കൈ) നം.75/2024/H&FWD    തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:- 1. 21.07.2023ലെ സ.ഉ.(കൈ) നം. 163/2023/ആ.കു.വ.

2. കേരള നേഴ്സസ് ആന്റ് മിഡൈ്വവ്സ് കൗൺസിൽ രജിസ്ട്രാറുടെ 08.02.2024, 05.03.2024 തീയതികളിലെ ബി/54946/2022/എൻ.സി. നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം കേരള നേഴ്സസ് ആന്റ് മിഡൈ്വവ്സ് കൗൺസിലിൽ താത്കാലികമായി സൃഷ്ടിച്ചതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചതുമായ 4 ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകൾക്ക് ഒരു വർഷ കാലാവധിയുള്ളതിനാൽ ടി തസ്തികകളിൽ വിട്ടുതൽ നേടി പോയ ശ്രീമതി ശ്രീജ പി. ഒഴികെ മറ്റ് 3 ഡേറ്റ എൻട്രി ഓപ്പറേറ്റർമാരുടെ സേവന കാലയളവ് താത്കാലിക നിയമനങ്ങളുടെ പരമാവധി കാലയളവായ 360 ദിവസമായി ദീർഘിപ്പിക്കണമെന്ന് പരാമർശം (2) കത്തുകളിലൂടെ കേരള നേഴ്സസ് ആന്റ് മിഡൈ്വവ്സ് കൗൺസിൽ രജിസ്ട്രാർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള നേഴ്സസ് ആന്റ് മിഡൈ്വവ്സ് കൗൺസിലിൽ താത്കാലികമായി സൃഷ്ടിച്ചതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചതുമായ 4 ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകളിൽ വിട്ടുതൽ നേടി പോയ ശ്രീമതി ശ്രീജ പി. ഒഴികെ മറ്റ് 3 ഡേറ്റ എൻട്രി ഓപ്പറേറ്റർമാരുടെ ആവശ്യകത കേരള നേഴ്സസ് ആന്റ് മിഡൈ്വവ്സ് കൗൺസിൽ ഉറപ്പാക്കണം എന്നതിനു വിധേയമായി ഈ വിഷയത്തിലുള്ള പൊതു ഉത്തരവുകളിലെ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണം എന്ന നിബന്ധനയിന്മേൽ മതിയായ ഇടവേള നൽകി 179 ദിവസത്തേക്ക് കൂടി നിയമനം നൽകാൻ അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

രജിസ്ട്രാർ, കേരള നേഴ്സസ് & മിഡൈ്വവ്സ് കൗൺസിൽ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ (ഹെൽത്ത് - ബി) വകുപ്പ് (2447541 HLT-B1/84/2023-FIN)

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Prijith G.

Date: 16-03-2024 15:11:40

സെക്ഷൻ ഓഫീസർ

പകർപ്പ് ബഹു. ആരോഗ്യവും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്